09-10-2021

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -09/10/2021

1. ഹോർട്ടികോർപ്പിന്റെ കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലെ സ്റ്റാളിലും തൃശൂരിലെ മെലിപ്പാടം, ചാലക്കുടി, ഗുരുവായൂർ, ജീവനി മൊബൈൽ സ്റ്റാളുകളിലും, എറണാകുളത്തെ കാക്കനാട് , മരട് എന്നീ സ്റ്റാളുകളിലും **ഒല്ലൂർ കൃഷി സമൃദ്ധി** പദ്ധതിയിലെ മുരിങ്ങയില ഉൽപ്പന്നങ്ങൾ ലഭ്യമാകും. 25 ഗ്രാം മുരിങ്ങയില പൗഡർ അൻപത് രൂപയ്ക്കും മുരിങ്ങയില 45 ഗ്രാം സൂപ്പ് മിക്സ് അറുപത് രൂപയ്ക്കും 500 ഗ്രാം മുരിങ്ങയില അരിപ്പൊടി എൺപത് രൂപയ്ക്കും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **8075204894 (കോഴിക്കോട്), 9746885823 (തൃശൂർ), 9020993282(എറണാകുളം)** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് കോഴിക്കോട് ഹോർട്ടികോർപ് റീജിയണൽ മാനേജർ അറിയിച്ചു

2. ഇന്ത്യൻ ദേശീയ കാർഷിക വികസന കൗൺസിലിന്റെ (ICAR) ആഭിമുഖ്യത്തിൽ സുസ്ഥിരവും, കൃത്യതയാർന്നതുമായ മൃഗസംരക്ഷണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കോളേജ് വിദ്യാർത്ഥി കൾക്കിടയിൽ **"കൃതാഗ്യ"** എന്ന പേരിൽ ഒരു ഹാക്കത്തോൺ സംഘടിപ്പിക്കുന്നു. കോളേജ് തലത്തി ലുള്ള വിദ്യാർത്ഥികൾക്കിടയിൽ നിന്നും നൂതന സംരംഭക ആശയങ്ങൾ മത്സരാടിസ്ഥാനത്തിൽ ശേഖ രിച്ച് അവയിൽ ഏറ്റവും നല്ല ആശയങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും അത് വഴി പ്രസ്തുത ആശയങ്ങൾ പ്രയോഗത്തിൽ വരുത്തുക എന്നതുമാണ് ഹാക്കത്തോണിന്റെ ഉദ്ദേശ്യം. മൃഗസംരക്ഷണ പരി പാലന കാർഷിക രംഗത്ത് ജോലിഭാരം കുറയ്ക്കാനാവശ്യമായ വിവര സാങ്കേതിക സാധ്യതകൾ വികസിപ്പിക്കുന്നത് ഉൾപ്പെടെ പതിനഞ്ചോളം മേഖലയിലാണ് പ്രോജക്ടുകൾ ക്ഷണിച്ചിരിക്കുന്നത്. രാജ്യ മെമ്പാടുമുള്ള വിവിധ കലാലയങ്ങളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും, സംരംഭകരും അടങ്ങുന്ന നാല് പേരുൾപ്പെട്ട ഒരുടീമാണ് പദ്ധതികൾ സമർപ്പിക്കേണ്ടത്. ദേശീയതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും നല്ല ആശയങ്ങൾക്ക് 5 ലക്ഷം, 3 ലക്ഷം, ഒരുലക്ഷം എന്നീ രീതിയിൽ ക്യാഷ് ആവാർഡ് ലഭിക്കും. താൽപ ര്യമുള്ള വിദ്യാർത്ഥികൾക്ക് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ഔദ്യോഗിക വെബ്സൈറ്റി ലൂടെ https:\\nahep.icar.gov.in"Kritagya" ഈ മാസം 10-ാം തിയതിയ്ക്ക് മുമ്പായി അപേക്ഷി

ക്കാവുന്നതാണ്. നടപ്പാക്കാൻ പോകുന്ന പദ്ധതിയുടെ സംക്ഷിതരൂപം പ്രസന്റേഷൻ രൂപത്തിൽസമർപ്പിക്കുകയുംവേണം. കൂടുതൽ വിവരങ്ങൾക്ക് 6238227528 എന്ന ഫോൺ നമ്പരിലോ dsw@kvasu.ac.in എന്ന ഈ - മെയിൽവിലാസത്തിലോ നോഡൽ ഓഫിസറുമായി ബന്ധപ്പെടുക.

3. പായിപ്പാട് ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലെ ഗുണഭോക്താക്കളെ മുൻഗണനാടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനായി ക്ഷണിക്കുന്നു. ഗുണഭോക്താക്കൾ ഈ മാസം 11 ന് (11.10.2021) 2 മണിയ്ക്ക് മുൻപായി മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണ്.

4. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ **സംയോജിത വിളവെടുപ്പാനന്തര പരിപാലനം** എന്ന ഘടകത്തിന്റെ ഭാഗമായി പായ്ക്ക്ഹൗസുകൾ, പ്രീ-കൂളിംഗ് യൂണിറ്റുകൾ, ശീതീകരണമുറി, മൊബൈൽ ശീതീകരണശാല, റീഫർ വാനുകൾ, റൈപ്പനിംഗ് ചേംബർ, പ്രോസസ്സിംഗ് യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. സംരംഭക പ്രേരിതമായ ഈ പ്രോജക്ടുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യനിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ, വനിതാ കർഷക സംഘങ്ങൾ, 25 അംഗങ്ങളുള്ള സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുണ്ടായിരിക്കും. സമതല പ്രദേശങ്ങളിലെ ധനസഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോരപ്രദേശങ്ങൾക്ക് 15 ശതമാനം അധിക ധനസഹായവും അനുവദിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുമായി **0471-2330856/2330867** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

5. എച്ച്.ആർ.ഡി ട്രെയിനിംഗിന്റെ ഭാഗമായി ഈ മാസം **26,27,28** (ഒക്ടോബർ 26,27,28) തീയതികളിൽ **പൂന്തോട്ട നിർമ്മാണം, നഴ്സറി പാരിപാലനം, സസ്യപ്രവർദ്ധന രീതികൾ** എന്നിവ ഉൾപ്പെടുത്തി മൂന്നു ദിവസത്തെ പരിശീലനം **തിരുവനന്തപുരം കഴക്കൂട്ടം ആർ.എ.റ്റി.റ്റി.സി** യിൽ വച്ച് നടത്തുന്നു. താൽപര്യമുള്ളവർ ഈ മാസം **20-ന്** മുമ്പായി രാവിലെ 11 മണിക്കും 4.30 നും ഇടയ്ക്കുള്ള സമയങ്ങളിൽ **9497360649, 9447551954** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.

6. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പാൽ ഗുണമേന്മ വർഷാചരണത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ക്ഷീരകർഷകർക്ക് ഈ മാസം **12,13** (12/10/2021, 13/10/2021) തീയതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു. 12-ന് രാവിലെ 10.30 മണിക്ക് **ഭക്ഷ്യ സുരക്ഷ നിയമം - 2006, പാൽ ഗുണനിലവാരത്തിന്റെ പ്രാധാന്യം** എന്ന വിഷയത്തിലും 13-ന് രാവിലെ 10.30 ന് **പാൽ ഗുണമേന്മ വർഷാചരണം, ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ, മിച്ചം വരുന്ന പാലിൽ നിന്നും സ്വാദിഷ്ടമായ പാലുൽപ്പന്നങ്ങൾ** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി meet.google.com/wsn-ksbg-sko എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക

## കാർഷിക നിർദ്ദേശങ്ങൾ

7. മഞ്ഞളിൽ ഇലകരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി രണ്ട് മില്ലി ഹെക്സാകൊണാസോൾ (കോൺടാഫ്), ഒരു മില്ലി പ്രൊപ്പികൊണാസോൾ (റ്റിൽറ്റ്), രണ്ടര ഗ്രാം കോപ്പർഓക്സിക്ലോറൈഡ് (ബിൽടോക്സ്/ബ്ലൂകോപ്പർ), രണ്ട് ഗ്രാം സാഫ് എന്നിവയിൽ ഏതെങ്കിലും ഒരു മരുന്ന് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. രോഗത്തിന്റെ തീവ്രതയനുസരിച്ച് രണ്ടാഴ്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ്.